ആദിവാസികൾക്കായി നീക്കിവച്ച ഫണ്ടിന്റെ വിനിയോഗം

251(2457) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികൾക്കായി നീക്കിവച്ച ഫണ്ടുകൾ അതേ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താതെ ലാപ്സായ സാഹചര്യമുണ്ടായിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

ഉത്തരം

അത്തരം സാഹചര്യമുണ്ടായിട്ടില്ല. ഒരു പദ്ധതിയിലും തുക ലാപ്സാകുന്നില്ല. വിഹിതത്തിൽ നിന്നും ചെലവഴിച്ചതിനുശേഷം ബാക്കി വരുന്ന തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ തുക അധികമായി വേണ്ടിവരുന്നതും, ചെലവ് പ്രതീക്ഷിക്കുന്നതുമായ മറ്റ് പദ്ധതികൾക്ക് ധനപുനക്രമീകരണംവഴി തുക വകയിരുത്താറുണ്ട്.

ആദിവാസികൾക്കുള്ള ഭൂമി വിതരണ പദ്ധതി

252(2458) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ ആദിവാസി വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് വിലയിരുത്തുകയുണ്ടായോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി വനാവകാശ നിയമ പ്രകാരം എത്രപേർക്ക് ഭൂമി വിതരണം ചെയ്തു ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് വനവകാശ നിയമ പ്രകാരം ഭൂമി വിതരണം ചെയ്തു ;

(ഡി) ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി വിതരണം ചെയ്യുന്നതിൽ അലംഭാവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഓരോ ജില്ലയിലും എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ഭൂമി നൽകിയെന്നും ശേഷിക്കുന്നത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമപ്രകാരം 8223 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 16675 പേർക്ക് വനാവകാശ നിയമപ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വനാവകാശ നിയമപ്രകാരം സംസ്ഥാനമൊട്ടാകെ 35206 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്നും 24898 പേർക്ക് 33073 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആർ.ഒ.ആർ. വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗമേഖലയിലെ സഹകരണ സംഘങ്ങൾ

253(2459) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ എസ്.ടി. സംഘങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഘങ്ങൾവഴി പട്ടികവർഗ്ഗമേഖലയിൽ ഏതെല്ലാം തരത്തിൽ സഹായമെത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത് ;

(ഡി) പട്ടികവർഗ്ഗക്കാർക്ക് സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സംഘങ്ങൾക്ക് നല്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുകയും അവയുടെ മൂല്യവർദ്ധനവിലൂടെ ഉത്പന്നങ്ങളാക്കി മാറ്റി അവയുടെ വിപണനം